**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3765** **06-08-2021 - ൽ മറുപടിയ്ക്ക്**

**ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകർ മരണമടഞ്ഞാൽ കുടുംബത്തിന് നൽകുന്ന ധനസഹായം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനു ശേഷം എത്ര കുടുംബങ്ങൾക്ക് ആയത് നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ധനസഹായം നൽകിയിട്ടുണ്ട്. ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ 19 പേർക്ക് വകുപ്പ് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | സ.ഉ. (കൈ) നം.128/2012/പജപവവിവ തീയതി: 20/09/2012, സ.ഉ. (കൈ) നം.85/2018/ പജപവവിവ തീയതി: 22/11/2018, സ.ഉ. (സാധാ) നം.582/2019/പജപവവിവ തീയതി: 26/06/2019. എന്നീ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രസ്തുത ധനസഹായം അനുവദിക്കുന്നത്. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധി - ധനസഹായ തുക വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ (കൈ) നം.123/12/പജപവവിവ തീയതി, തിരുവനന്തപുരം 20.9.2012

---

പരാമർശം :- സ.ഉ (കൈ) നം 1/98/പജപവവിവ തീയതി 9/1/98

**<u>ഉത്തരവ്</u>**

പരാമർശത്തിലെ ഉത്തരവു പ്രകാരം പട്ടികജാതി കുടുംബത്തിലെ വരുമാനദായകൻ രോഗം മൂലം മരണപ്പെടുക, കുടുംബാംഗങ്ങൾക്ക് ദീർഘ ചികിത്സ ആവശ്യമായി വരിക, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം അത്യാവശ്യമായി ചെലവുകൾ വേണ്ടിവരിക തുടങ്ങിയ അത്യാഹിത സന്ദർഭങ്ങളിൽ 25,000/- രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് വകുപ്പ് മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്ന് 25,000/- രൂപ വരെ ധനസഹായമായി അനുവദിച്ചു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം അനുവദിച്ചുവരുന്ന ചികിത്സാ ധനസഹായം 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകട മരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000/- രൂപ ധനസഹായമായി അനുവദിച്ച് നൽകുന്നതിനും, പ്രകൃതി ക്ഷോഭംമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികജാതിക്കാർക്ക് 50,000/- രൂപ വരെ ധനസഹായമായി അനുവദിച്ച് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിർദ്ധനരും മാരകമായ രോഗം ബാധിച്ചവരുമായ പട്ടികജാതിക്കാർക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് 2012-2013 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ

പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചികിത്സാ രംഗത്ത് ഉണ്ടായ
മാറ്റങ്ങളും വർദ്ധിച്ചു വരുന്ന ചികിത്സാ ചിലവുകളും പരിഗണിച്ച്, ഹൃദയ
ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രീയ, ഡയാലിസിസ്,
ബ്രെയിൻട്യൂമർ, ക്യാൻസർ, പക്ഷാഘാതം, ഹീമോഫിലിയ തുടങ്ങിയ മാരക
രോഗങ്ങളുടെ ചികിത്സക്കായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ
രോഗികൾക്ക് നൽകുന്ന ധനസഹായം 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ്
പുറപ്പെടുവിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക ബന്ധപ്പെട്ട രോഗി
ചികിത്സയിലിരിക്കുന്ന ആശുപത്രിക്ക് നേരിട്ട് നൽകേണ്ടതാണ്.

ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാന
പരിധി 25,000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ്
പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് പ്രകാരം പിന്നോക്ക പട്ടിക സമുദായ ക്ഷേമ
മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിക്കപ്പെട്ട ദുരിതാശ്വാസ
നിധിയുടെ പേര് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി
എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 2225-01-800-57 എന്ന ശീർഷകത്തിൽ
നിന്നും ചെലവഴിക്കേണ്ടതും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശ
ങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം അനുവദിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എം.എ.ഫ്രാൻസിസ്,
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, ടാഗോർ തീയേറ്റർ
വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. പട്ടികജാതി പിന്നാക്ക സമുദായക്ഷേമവും, വിനോദ സഞ്ചാരവും
വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

## അനുബന്ധം

പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയ് നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

1. സഹായനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളി നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം സംഭാവനക (ചെക്ക്/ഡ്രാഫ്റ്റ്) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടി വരവ് വയ്ക്കേണ്ടതാണ്.
2. ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടും വരുമാനം 50,000/- രൂപയിൽ കുറവ് ആയിരിക്കേണ്ടതാണ്.
3. ക്യാൻസർ, ഹൃദയശസ്ത്രക്രീയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിന ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളു ചികിത്സക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും. ഇപ്രകാര അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകേണ്ടതാണ്.
4. മറ്റു രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കാം.
5. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. 5,000/- രൂപ വരെ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും 10,000/- രൂപ വരെ പട്ടികജാതി വികസന ഡയറക്ടർക്കും 10,000/- രൂപയിൽ കൂടുതൽ വരുന്ന തുക പട്ടികജാതി വികസന വകുപ്പ് സെക്രട്ടറിക്കും അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.
7. തീപിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
8. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകട മരണത്തിന് നിബന്ധന കൾക്ക് വിധേയമായി 50,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഏകവരുമാനദായകന്റെ മരണം ധനസഹായ തുക വർദ്ധിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

**സ.ഉ.(കൈ) നം.85/2018/പജപവവിവ. തീയതി, തിരുവനന്തപുരം, 22/11/2018**

പരാമർശം:- 1. സ.ഉ.(കൈ)നം.128/12/പജപവവിവ. തീയതി 20/09/2012.

2. പട്ടികജാതി വികസന ഡയറക്ടറുടെ 17.02.2017,29.10.2018 തീയതികളിലെ ഡെവ.ബി1-25743/15 നമ്പർ കത്ത്.

**ഉത്തരവ്**

ഏക വരുമാനദായകൻ മരണപ്പെടുന്ന കുടുംബങ്ങൾക്ക് പരാമർശം (1) പ്രകാരം 50,000/- രൂപ വീതം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

പരാമർശം (2) പ്രകാരം പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടത അനുഭവിക്കുന്ന പട്ടികജാതി കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ധനസഹായ തുക 50,000/- രൂപയിൽ നിന്നും 3,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകന്റെ മരണം മൂലം കുടുംബത്തിനുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം കണക്കിലെടുത്തും, നിലവിലെ വർദ്ധിച്ചു വരുന്ന ജീവിതച്ചെലവുകൾ പരിഗണിച്ചും പട്ടികജാതി കുടുംബത്തിന് നൽകി വരുന്ന ധനസഹായ തുക 50,000/- രൂപയിൽ നിന്നും 2,00,000/-(രണ്ടു ലക്ഷം മാത്രം) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേയ്ക്ക് ആവശ്യമായി വരുന്ന തുക '2225-01-800-57' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഷർമിള.സി**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ),കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ,ഐ&പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ധനകാര്യം/നിയമം ഉൾപ്പെടെ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഏകവരുമാനദായകന്റെ മരണം - സ.ഉ(കൈ) നം.85/2018/പജപവവിവ തീയതി 22.11.2018 ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ(സാധാ)നം.582/ 2019/പജപവവിവ തീയതി, തിരുവനന്തപുരം, 26.06.2019

പരാമർശം:- 1. സ.ഉ(കൈ)നം.128/12/പജപവവിവ. തീയതി 20/09/2012.

2. സ.ഉ(കൈ) നം.85/2018/പജപവവിവ തീയതി 22.11.2018
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 17.02.2017, 29.10.2018 തീയതികളിലെ ഡെവ.ബി1-25743/2015 നമ്പർ കത്ത്.
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 28.05.2019 ലെ ഡെവ.ബി1-8235/19 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകൻ മരണപ്പെടുന്ന അവസരങ്ങളിൽ കഷ്ടത അനുഭവിക്കുന്ന കുടുംബത്തിന് 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ധനസഹായം നൽകാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ടി വിഷയവുമായി ബന്ധപ്പെട്ട പരാമർശം 3,4 കത്തുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

a) വരുമാനദായകൻ മരണപ്പെട്ടാൽ കുടുംബത്തിന് ഉണ്ടാകുന്ന നഷ്ടം അപരിഹാര്യമായതിനാൽ മരണകാരണം കണക്കിലെടുക്കാതെ ധനസഹായം അനുവദിയ്ക്കാവുന്നതാണ്.

b) മരണം സംഭവിച്ച് 2 വർഷത്തിനുള്ളിലോ കുടുംബത്തിലെ മറ്റൊരു അംഗം വരുമാനദായകൻ ആകുന്നതുവരെയോ ഏത് ആദ്യം അതുവരെയുള്ള സമയ പരിധിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

c) പുതുക്കിയ നിരക്ക് 2,00,000/-രൂപ 22.11.2018 നോ അതിനു ശേഷമോ സംഭവിച്ച മരണങ്ങൾക്ക് മാത്രം ബാധകമാകുന്നു.

d) പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുവദിക്കുന്ന ധനസഹായം നടപ്പ് സാമ്പത്തിക വർഷം മുതൽ "2225-01-282-96 ആരോഗ്യ സുരക്ഷാ പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

പരാമർശം (2) ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷർമിള.സി**

ഡെപ്യൂട്ടി സെക്രട്ടറി

(മറുപുറം)

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂമീഡിയ,ഐ&പി.ആർ. ഡി.ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.